**802**

# സമഗ്ര ശിക്ഷ, കേരളം.

## വാർഷിക മൂല്യനിർണയം-2019

## കേരളപാഠാവലി

**A**

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**
**(4x1=4)**

1. 'പിശുക്കൻ പ്രദാനോൽക്കൻ ; പിശുനൻ,സുവചനൻ'
   ഈ വരിയിലെ 'പിശുനൻ' എന്ന പദത്തിന് സമാനമായ അർത്ഥമുള്ള പദം ഏതാണ്?
   - പിശുക്കൻ
   - ഏഷണിക്കാരൻ
   - സന്മാർഗി
   - ധീരൻ

2. മുഖത്തെ മേക്കപ്പ് പൊടിപൊടിച്ചിരിക്കുന്നു.
   അടിവരയിട്ട പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്?
   - പൊടിപുരണ്ടിരിക്കുന്നു.
   - മുഖസൗന്ദര്യം നഷ്ടപ്പെട്ടിരിക്കുന്നു.
   - ഒട്ടും നന്നായിട്ടില്ല.
   - അത്യുജ്ജ്വലമായിരിക്കുന്നു.

3. "രാധാകൃഷ്ണന്റെ പ്രസംഗം അതേ ചൂടോടെ, വെളിച്ചത്തോടെ, ശ്വാസം വിടാതെ മലയാളത്തിലേക്ക് ആവാഹിച്ചു. കൈക്കരുത്തുള്ള മന്ത്രവാദി." - എൻ.വി.കൃഷ്ണവാര്യരെക്കുറിച്ച്, പി.കുഞ്ഞിരാമൻനായർ ഇങ്ങനെ അഭിപ്രായപ്പെടുന്നതിന്റെ അടിസ്ഥാനമെന്ത്?
   - രാധാകൃഷ്ണനെക്കാൾ മികച്ച പ്രഭാഷകനായതുകൊണ്ട്
   - കേൾവിക്കാർക്ക് പ്രസംഗം മനസ്സിലാവാത്തതുകൊണ്ട്
   - തർജമയിലെ സൗന്ദര്യം
   - പ്രസംഗത്തിലെ സങ്കീർണത

4. ഗന്ധർവഗായകനെപ്പോലെ കുഞ്ഞിരാമൻനായർ രംഗവേദിയിൽ തിളങ്ങി. 'ഗന്ധർവഗായകൻ' എന്ന പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.

- ഗന്ധർവൻ എന്ന ഗായകൻ
- ഗായകന്റെ ഗന്ധർവൻ
- ഗന്ധർവനായ ഗായകൻ
- ഗന്ധർവനും ഗായകനും

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4x2=8)**

5. 'ചമ്മട്ടിയേന്തിയിരുന്ന കൈയുമായി ദാരുകൻ തേർത്തടത്തിൽ പ്രതിമപോലെ നിർജീവമായി വർത്തിച്ചു.'

**(ധർമ്മിഷ്ഠനായ രാധേയൻ)**

സന്ദർഭമേത്? പ്രതിമപോലെ നിർജീവമായതിനു കാരണമെന്ത്?

6. 'വൈരപ്പൊടി ചിതറിയ ആകാശം.'- പി.കുഞ്ഞിരാമൻനായർ ആകാശത്തെ ഇങ്ങനെ അവതരിപ്പിച്ചതിന്റെ ഔചിത്യമെന്ത്?

7. ' ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നു!'

താഴെക്കൊടുത്ത വരികളിൽ നിന്ന് സമാന താളമുള്ള വരികൾ കണ്ടെത്തി എഴുതുക.

- നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
  ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും

- അന്നൊക്കെയെൻനാട്ടിൽ ഭൂരിജനങ്ങൾക്കും
  അന്നമൊരു സ്വപ്നമായിരുന്നു.

- ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിക്കിത്ര
  മംഗളം കായ്ക്കും കല്പപാദപമുണ്ടായ് വരൂ

8. "നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തര പുണ്യമല്ലേ."

മാതൃഭാഷയെ അമ്മയായി കല്പിക്കുന്നതിന്റെ ഔചിത്യമെന്ത്?

9. മേഘങ്ങൾ ആകാശത്തു പെട്ടെന്നു കാണപ്പെടുകയും അതിവേഗം തിരോഭവിക്കുകയും ചെയ്യുന്നു.

അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.

10 മുതൽ 14 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം)
**(4x4=16)**

10. ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?

-വരികൾ വിശകലനം ചെയ്ത് പെരുന്തച്ചന്റെ നിസ്സഹായാവസ്ഥയുടെ ആഴം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

11. 'താളവാദ്യങ്ങളുടെ വലിയൊരു മ്യൂസിയമാണ് കേരളം.'

- ഇലഞ്ഞിത്തറമേളം എന്ന പാഠഭാഗത്തിൽ ഈ ആശയം ലേഖകൻ സമർഥിക്കുന്നത് എങ്ങനെയെന്നു വ്യക്തമാക്കുക.

12.
- "ആരുടെയും സഹായത്തിനു കാക്കാതെ സ്വയം കരുത്താർജിക്കുകയായിരുന്നു അമ്മ."
- "ഉണ്ണി അരികിൽ വേണമെന്നത് എന്റെ സ്വാർഥത. പക്ഷേ, ഒരമ്മയ്ക്ക് അങ്ങനെ സ്വാർഥയാകാൻ സാധ്യമല്ല."

**- (ഭൂമിയുടെ സ്വപ്നം)**

പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'അമ്മ' എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശദീകരിക്കുക.

13. "വേഷം വരാറായി. കൃഷ്ണനും യവനനും തമ്മിൽ ഏറ്റുമുട്ടുന്ന രംഗമാണ്. ആശാന്റെ യവനനാണ്. അരങ്ങൊഴിയുന്നതിനു മുമ്പായുള്ള അവസാനത്തെ വേഷം. അതുകൊണ്ട് അരങ്ങ് തകർക്കുന്ന കളിയാവും."

**(കീർത്തിമുദ്ര)**

ആശാന്റെ കഥാപാത്രങ്ങളിൽ കാണികൾ ഇത്രയേറെ പ്രതീക്ഷ പുലർത്തുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ? വിശദമാക്കുക.

14. പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ,നിന്നെ ഞാൻ തിരഞ്ഞിതേ

വരികളിലെ കാവ്യഭംഗി കണ്ടെത്തി വിശദീകരിക്കുക.

15,16 ചോദ്യങ്ങളിൽ ഒന്നിന് മാത്രം ഉത്തരമെഴുതുക. (ഒരുപുറം) (1x6=6)

15. • കവിതയെഴുതുന്നു കഴിഞ്ഞ മഹാകാശം ചോദിച്ചു:
"തന്റെ കവിത എന്തായി?
പുഴയലകൾ എത്തിനോക്കി അന്വേഷിച്ചു:
"എന്തായീ കവി?"
പാതിരാക്കാറ്റ് കതകുമുട്ടി: "ഉറക്കത്തിൽപ്പെടരുത്;
വേഗമാകട്ടെ"

**(കളിയച്ഛൻ ജനിക്കുന്നു)**

• എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?

**(കവിതയോട്)**

ഇരുകവികളെയും പ്രചോദിപ്പിക്കുന്നത് പ്രകൃതിയാണ്. തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് ഉചിതമായ പാഠസന്ദർഭങ്ങൾ കൂടി കണ്ടെത്തി' സാഹിത്യരചനകളിൽ പ്രകൃതിയുടെ സാന്നിധ്യം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

16. • "എന്റെ വേവലാതി പക്ഷേ അതൊന്നുമല്ല. കുട്ടികൾ വളരുകയാണ്. വർണ ത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും."

**- (അമ്മമ്മ)**

• ഉള്ളലിഞ്ഞോതിനേൻ "എൻചോറുമാ കഞ്ഞി-
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ"

**- (വേദം)**

പുതിയ തലമുറയെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

17. **ആസ്വാദനം തയാറാക്കുക. (ഒരുപുറം)** ( 1x6=6)

**മുത്തശ്ശി നട്ട പയറും ഒക്കത്തെ ഉണ്ണിയും**

മുത്തശ്ശി മുറ്റത്ത് പയറ് നട്ടു. നട്ടതായ പയർമണികൾ കൂനി നിവർന്ന് പയറുചെടി കളായി. എന്നും മുത്തശ്ശി തന്റെ പയറുചെടികൾക്ക് വെള്ളമൊഴിച്ചു നല്ല വളമിട്ടു. അപ്പോ ഴെല്ലാം ചെറുമകനുണ്ണി മുത്തശ്ശിയോടൊപ്പമോ മുത്തശ്ശിയുടെ ഒക്കത്തോ ഉണ്ടായിരിക്കും.

പയറുനടുന്നതും മുളയ്ക്കുന്നതും അതിന് വെള്ളമൊഴിക്കുന്നതുമെല്ലാം ഉണ്ണി കാണുന്നു. പയറിന് രണ്ടില വന്നു. നാലില വന്നു. പിന്നെ പൂത്തു. പൂവുകൾ കായായി. കായ്കളിറുത്തു കറിയും വെച്ചു.

രാവിലെ ഉണ്ണിയെ മുത്തശ്ശി കുളിപ്പിക്കും. പൊട്ടുതൊടുവിക്കും. നല്ല ഉടുപ്പണിയി ക്കും. പാഠം ചൊല്ലിക്കും. പയറിന് ഒരില ഈരില വന്നതുപോലെ ഉണ്ണിക്ക് പല്ലുകൾ രണ്ട് നാല് എട്ട് ഇങ്ങനെ വന്നു. പിന്നെപ്പിന്നെ ഉണ്ണിക്കുപൊക്കം വച്ചു. ഉണ്ണി വളർന്ന് മുത്തശ്ശി യുടെ ഇളിക്കൊപ്പമായി.

മുത്തശ്ശി ഒരു പാട്ടുപാടി. അതു പയറിനെപ്പറ്റിയായിരുന്നു.

മുറ്റത്തെ പയറിന് വെള്ളമൊഴിച്ചാൽ
പയറുവളർന്നു പൂക്കുന്നു കായ്ക്കുന്നു.

മുത്തശ്ശി പിന്നെ ഒരു പാട്ടുപാടി. അത് ഒക്കത്തെ ഉണ്ണിയെപ്പറ്റിയായിരുന്നു.

ഒക്കത്തെ ഉണ്ണിക്കുചോറുകൊടുത്താൽ
ഉണ്ണിവളരുന്നു നാടെല്ലാം കാണുന്നു.
പിന്നെ മുത്തശ്ശി പയറിനെപ്പറ്റിപ്പാടി
ഓരാണ്ടേക്കാണെങ്കിൽ
പയറേ വളര് വളര്

പിന്നെ മുത്തശ്ശി ഉണ്ണിയെപ്പറ്റി ഈണത്തിൽ പാടി

നൂറാണ്ടേക്കാണെങ്കിൽ
ഉണ്ണിവളര് വളര്....
നല്ല പാട്ടല്ലേ പഠിച്ചോളണം.

– ശൂരനാട് രവി

| |
|---|
| ഓരാണ്ടേക്ക് - ഒരു വർഷത്തേക്ക് |